പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.5425

26/03/2018 ൽ
മറുപടിക്ക്

## കശുവണ്ടിയുടെ ആഭ്യന്തര ഉൽപാദനം

ചോദ്യം
ശ്രീമതി.പി.അയിഷാ പോറ്റി

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും
കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കശുവണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി, കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകി ധനസഹായം നൽകുന്ന വിവിധ പദ്ധതികൾ കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തിരം നടപ്പിലാക്കി വരുന്നു.<br>2017 ൽ മാത്രം വിവിധ പദ്ധതികളിലായി 1750 ഹെക്ടർ സ്ഥലത്ത് 3,50,000 കശുമാവ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്.<br>കൂടാതെ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 300 ഏക്കർ സ്ഥലത്ത് 2017 ൽ കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. 2018 ൽ 5000 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരികയാണ്. തോട്ടം അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്ന കാര്യം തോട്ടം ഉടമകളുടെ സാന്നിദ്ധ്യത്തിൽ കശുവണ്ടി വ്യവസായ വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി ചർച്ച ചെയ്യുകയും ബന്ധപ്പെട്ട സ്ഥലത്തെ സംബന്ധിച്ചുള്ള റവന്യൂ അധികാരികളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അത്തരം സ്ഥലങ്ങളിൽ കശുമാവ് കൃഷി അനുവദിക്കുന്ന കാര്യം |

| | | | |
|---|---|---|---|
| | | | ആലോചിച്ചു വരുന്നു. സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ബോധവൽക്കരണം, പരിശീലനം, സാമ്പത്തിക സഹായം ഉൾപ്പെടെ നൽകി വരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറി യോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പി ക്കുന്നുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയും സംയുക്തമായി ആർ പി എൽ, ബീ ബീ എസ്റ്റേറ്റ് പുനലൂർ, ചെമ്പന്തൂർ ഹൈസ്കൂൾ, പുനലൂർ എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്. |
| (ബി) | കശുമാവ് കൃഷിയെ തോട്ടവിള നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നാലുള്ള ഗുണഫലങ്ങൾ എന്തെല്ലാമാണ്; ആയതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കും;വ്യക്തമാക്കാമോ? | (ബി) | 1963 ലെ ഭൂപരിഷ്കരണ നിയമം 2-ാം ഭേദഗതിയോടെ 2012 ജൂൺ 19-ാം തീയതിയിലെ ഉത്തരവ് പ്രകാരം 150 തൈകളോ അതിൽ കൂടുതലോ കശുമാവ് തൈകൾ കൃഷി ചെയ്യുന്ന സ്ഥലങ്ങളെ തോട്ടവിളയിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്. കശുമാവ് കൃഷിയെ തോട്ടവിള പരിധിയിൽ കൊണ്ടുവന്നാൽ കൂടുതൽ മേഖലകളിലേക്ക് കശുമാവ് കൃഷി വ്യാപിപ്പിക്കുവാനും അതുവഴി ആഭ്യന്തര ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാനും സാധിക്കും. കൂടാതെ ഉല്പാദനം കുറവുള്ള റബ്ബർ മേഖലകൾ, പവർ ഗ്രിഡിന് താഴെയുള്ള സ്ഥലങ്ങൾ, മറ്റ് കൃഷികൾ ഒന്നും ചെയ്യാൻ പറ്റാത്ത ഭൂമികൾ, തരിശായി കിടക്കുന്ന സ്ഥലങ്ങളിലും അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ വച്ച് പിടിപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ